# Std:8 I.T . Unit:7

## ജ്യാമിതീയ നിർമിതികൾ ( GeoGebrbra പഠന സഹായി )

1. ജ്യാമിതീയ രൂപങ്ങൾ വരക്കുന്നതിനും അവയുടെ പ്രത്യേകതകൾ നിരിക്ഷിക്കുന്നതിനുമുള്ള ഒരു പഠന സോഫ്റ്റ്‌വെയറാണ് ജിയോജിബ്ര .
2. ജിയോജിബ്ര ഓപ്പൺ ചെയ്യുന്നതെങ്ങനെ ?
   Applications → Education → GeoGebra.
3. ജിയോജിബ്രയിൽ ചിത്രങ്ങൾ വരക്കുന്ന തലത്തിലെ അക്ഷങ്ങൾ (Axes) വേണമെന്ന് വെക്കുവാനും വേണ്ടെന്നുവെക്കുവാനും എന്തുചെയ്യണം ?
   View → Axes → Tick Mark കൊടുക്കുക. അപ്പോൾ അക്ഷങ്ങൾ വരക്കുന്ന തലത്തിൽ കാണാം. ടിക് മാർക്ക് ഒഴിവാക്കിയാൽ അക്ഷങ്ങൾ കാണുകയില്ല.
4. വരക്കുന്ന തലം Algebra View യിൽ കാണുവാൻ എന്തു ചെയ്യണം ?
   View → Algebra View → Tick Mark കൊടുക്കുക . അപ്പോൾ Algebra View യിൽ കാണുവാൻ കഴിയും.
5. ജ്യാമിതീയ രൂപത്തിന്റെ അടിസ്ഥാന രൂപമേത് ?
   ബിന്ദു.
6. ഒരു വര വരക്കുന്നതെങ്ങനെ ?
   വരക്കുന്ന തലത്തിൽ രണ്ട് ബിന്ദുക്കൾ അടയാളപ്പെടുത്തുക.തുടർന്ന് Line through two points എന്ന ടൂൾ സെലക്ട് ചെയ്ത് മുൻപ് അടയാളപ്പെടുത്തിയ രണ്ട് ബിന്ദുക്കളിൽ ക്ലിക്ക് ചെയ്യുക.അപ്പോൾ വര ഉണ്ടാകുന്നതു കാണാം.
7. രണ്ട് വരകൾ സന്ധിക്കുന്ന ബിന്ദു അടയാളപ്പെടുത്തുന്നതെങ്ങനെ ?
   Intersect two object എന്ന ടൂൾ സെലക്ട് ചെയ്യുക. വരകൾ സന്ധിക്കുന്ന ബിന്ദുവിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ അവിടെ ബിന്ദു രൂപം കൊള്ളുന്നതു കാണാം.
8. വരകൾ സന്ധിക്കുന്ന ബിന്ദുവിലെ കോണുകൾ അളക്കുന്നതെങ്ങനെ ?
   Angle ടൂൾ സെലക്ട് ചെയ്യുക. അതിനുശേഷം കോണിനെ നിർണ്ണയിക്കുന്ന മൂന്ന് ബിന്ദുക്കളിൽ ക്ലിക്ക് ചെയ്യുക.ക്ലിക്ക് ചെയ്യുന്ന രീതി അനുസരിച്ച് ( Clock Wise or Anticlockwise Wise) ഉൾക്കോണും ബാഹ്യ കോണും അടയാളപ്പെടുത്തിയിരിക്കുന്നത് കാണാം.
9. ഇത്തരത്തിൽ അടയാളപ്പെടുത്തിയ ഉൾക്കോണും ബാഹ്യകോണും തമ്മിലുള്ള ബന്ധം എന്തായിരിക്കും ?
   ഉൾക്കോൺ + ബാഹ്യകോൺ = $360^0$
10. നിങ്ങൾ വരച്ച രേഖകൾ ഒരു സ്ഥാനത്തു നിന്ന് മറ്റൊരു സ്ഥാനത്തേക്ക് മാറ്റുന്നതിനെന്തുചെയ്യണം ?
    Move ടൂൾ സെലക്ട് ചെയ്ത് വരച്ച രേഖയിലെ ബിന്ദുവിൽ മൌസിന്റെ ലെഫ്റ്റ് ബട്ടൺ അമർത്തിപ്പിടിച്ച് നീക്കുക.
11. ഒരു രേഖക്ക് സമാന്തരമായി മറ്റൊരു രേഖ വരക്കുവാൻ എന്തു ചെയ്യണം ?
    Parallel line എന്ന ടൂൾ സെലക്ട് ചെയ്യുക. അതിനുശേഷം മുൻപ് വരച്ച രേഖയിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് എവിടെയാണോ സമാന്തര രേഖ വരക്കേണ്ടത് അവിടെ ക്ലിക്ക് ചെയ്താൽ സമാന്തര രേഖ ഉണ്ടാകുന്നത് കാണാം. ( ഇതുപോലെ ലംബരേഖ വരക്കുവാൻ Perpendicular line എന്ന ടൂൾ സെലക്ട് ചെയ്ത് ക്ലിക്ക് ചെയ്താൽ മതി )

12. ഒരു രേഖാഖണ്ഡം  വരക്കുന്നതെങ്ങനെ ?
    Segment Between two points എന്ന ടൂൾ സെലക്ട് ചെയ്യുക . വരക്കുന്ന സ്ഥലത്ത് രണ്ടുപ്രാവശ്യം ക്ലിക്ക് ചെയ്യുക . രേഖാഖണ്ഡം ഉണ്ടാകുന്നതു കാണാം .
    ( രേഖാഖണ്ഡം = Line Segment )
13. നിങ്ങൾ വരച്ച രേഖാഖണ്ഡത്തിന്റെ നീളം കണക്കാക്കുന്നതെങ്ങനെ ?
    Distance or Length എന്ന ടൂൾ സെലക്ട് ചെയ്യുക . അതിനുശേഷം വരക്കുന്ന തലത്തിൽ നാം വരച്ചിട്ടുള്ള രേഖാഖണ്ഡത്തിൽ ക്ലിക്ക് ചെയ്യുക . അപ്പോൾ ആ രേഖാഖണ്ഡത്തിന്റെ നീളം തെളിഞ്ഞുവരുന്നതുകാണാം.
14. നിങ്ങൾ വരച്ച രേഖാഖണ്ഡത്തിന്റെ നിറം , കനം എന്നിവ മാറ്റുന്നതെങ്ങനെ ?
    വരച്ച രേഖാഖണ്ഡം സെലക്ട് ചെയ്യുക → Right Click → Object Properties എന്ന വിൻഡോ തുറന്നു വരും . അതിൽ Color  എന്ന ടാബ് ക്ലിക്ക് ചെയ്ത് നിറം സെലക്റ്റ് ചെയ്യുക . അതിനുശേഷം style എന്ന ടാബ് ക്ലിക്ക് ചെയ്ത് വരയുടെ കനം  Line thickness എന്നതിനു താഴെയുള്ള   slider നീക്കി തീരുമാനിക്കുക. രേഖാഖണ്ഡത്തിന്റെ നിറവും കനവും മാറിയിട്ടുണ്ടായിരിക്കും .
15. നിങ്ങൾ വരച്ച രേഖാഖണ്ഡത്തിന് പേരുകൊടുക്കുന്നതെങ്ങനെ ?
    രേഖാഖണ്ഡം സെലക്ട് ചെയ്യുക →  Right Click → Rename അപ്പോൾ  Rename എന്ന വിൻഡോ തുറന്നു വരും . അതിൽ നിങ്ങൾ ഉദ്ദേശിക്കുന്ന പേര് ടൈപ്പ് ചെയ്യുക .OK ക്ലിക്ക് ചെയ്യുക . ഇപ്പോൾ രേഖാഖണ്ഡത്തിന് പേരുവന്നിട്ടുണ്ടായിരിക്കും .
16. നിങ്ങൾ വരച്ച രേഖാഖണ്ഡത്തിന്റെ മധ്യബിന്ദു നിർണ്ണയിക്കുന്നതെങ്ങനെ ?
    Mid Point or Center എന്ന ടൂൾ സെലക്ട് ചെയ്യുക. അതിനുശേഷം വരച്ച രേഖാഖണ്ഡത്തിൽ ക്ലിക്ക് ചെയ്യുക  . അപ്പോൾ മദ്ധ്യബിന്ദു രൂപം കൊള്ളുന്നതുകാണാം.
17. 8cm നീളത്തിൽ രേഖാഖണ്ഡം വരച്ച് അതിന് മധ്യലംബം വരക്കുന്നതെങ്ങനെ ?
    Segment with given length from point എന്ന ടൂൾ സെലക്ട് ചെയ്യുക  . അതിനുശേഷം വരക്കുന്ന തലത്തിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ വരക്കുന്ന വിൻഡോയിൽ 8 എന്ന് ടൈപ്പ് ചെയ്ത് OK ക്ലിക്ക് ചെയ്യുക. അപ്പോൾ 8cm നീളമുള്ള രേഖാഖണ്ഡം വന്നിട്ടുണ്ടായിരിക്കും . അതിനുശേഷം Mid point or Center എന്ന ടൂൾ സെലക്ട് ചെയ്യുക . വരച്ച രേഖാഖണ്ഡത്തിൽ ക്ലിക്ക് ചെയ്യുക . തുടർന്ന് Perpendicular line എന്ന ടൂൾ സെലക്ട് ചെയ്യുക . തുടർന്ന് മുൻപ് വരച്ച രേഖാഖണ്ഡം സെലക്ട് ചെയ്ത് മധ്യബിന്ദുവിൽ ക്ലിക്ക് ചെയ്താൽ ലംബരേഖ വരുന്നതുകാണാം.
18. രേഖാഖണ്ഡങ്ങൾ ഉപയോഗിച്ച് ത്രികോണം നിർമ്മിക്കുന്നതെങ്ങനെ ? ഇങ്ങനെ നിർമ്മിച്ച ത്രികോണത്തിന് പേരു നൽകുന്നതെങ്ങനെ ? ഒരു തവണ കൊടുത്ത പേര് മാറ്റുന്നതെങ്ങനെ ?
    മൂന്ന് രേഖാഖണ്ഡങ്ങൾ ഉപയോഗിച്ച് ഒരു ത്രികോണം നിർമ്മിക്കുക . ഇങ്ങനെ നിർമ്മിച്ച ത്രികോണത്തിന്റെ ഒന്നാമത്തെ മൂലയിൽ Right Click  ചെയ്ത്  Show label എന്നഓപ്ഷനിൽ ക്ലിക്ക് ചെയ്യുക . അപ്പോൾ പ്രസ്തുത ബിന്ദുവിൽ പേരു വന്നിട്ടുണ്ടായിരിക്കും . ഈ പ്രക്രിയ രണ്ടാമത്തെയും മൂന്നാമത്തെയും ബിന്ദുവിൽ ആവർത്തിക്കുക. ഇപ്പോൾ മൂന്നു മൂലകളിലും പേരുവന്നിട്ടുണ്ടായിരിക്കും .
    പേരു മാറ്റുന്നതിനുവേണ്ടി ഏതെങ്കിലും ഒരു  മൂലയിലെ ബിന്ദുവിൽ Right Click  ചെയ്ത് Rename സെലക്ട് ചെയ്യുക . നിലവിലുള്ള പേര് ഡെലിറ്റ് ചെയ്ത് പുതിയ പേരു നൽകി OK കൊടുക്കുക .

19. ഥെയിൽസ് ആരെന്നും അദ്ദേഹത്തിന്റെ പരീക്ഷണം എന്തെന്നും വ്യക്തമാക്കുക ?
ബി .സി ആറാം നൂറ്റാണ്ടിൽ ഗ്രീസിൽ ജീവിച്ചിരുന്ന തത്ത്വചിന്തകനും ഗണിത ശാസ്ത്രജ്ഞനുമായിരുന്നു ഥെയിൽസ് .

ദൂരെ കടലിൽ നങ്കൂരമിട്ടുകിടക്കുന്ന ഒരു കപ്പൽ കരയിൽ നിന്ന് എത്ര അകലെയെന്ന് കണ്ടുപിടിക്കുവാൻ അദ്ദേഹം ഒരു പരീക്ഷണം നടത്തി . ആദ്യം കപ്പലിനു നേരെ തീരത്തോടു ചേർന്ന് ഒരു കമ്പ് നാട്ടി . കുറച്ചകലെയായി തീരത്തോട് ചേർന്നു തന്നെ മറ്റൊരു കമ്പും അദ്ദേഹം നാട്ടി . ഈ രണ്ടു കമ്പുകളുടേയും ഒത്ത നടുക്കായി മൂന്നാമതൊരു കമ്പും കുത്തി നിർത്തി . പിന്നീട് രണ്ടാമത്തെ കമ്പിൽ നിന്ന് തീരത്തിനു ലംബമായി കരയിൽ ഒരു വരവരച്ചു. കപ്പലിനെ നോക്കിക്കൊണ്ട് ഈ വരയിലൂടെ പുറകിലോട്ട് നടന്ന് നടുവിലത്തെ കമ്പ് കപ്പലിന് നേരെ കണ്ടപ്പോൾ നടത്തം നിറുത്തി . അപ്പോൾ നിന്നിരുന്ന സ്ഥാനം കരയിൽ അടയാളപ്പെടുത്തി . ഇപ്പോൾ കടലിലെ ത്രികോണവും കരയിലെ ത്രികോണവും സർവ്വ സമമാണ് . അതുകൊണ്ടുതന്നെ കപ്പലിൽ നിന്ന് കരയിലെക്കുള്ള ദൂരവും രണ്ടാമത്തെ കുറ്റിയിൽ നിന്ന് ഥെയിൽസ് നിൽക്കുന്ന സ്ഥാനത്തെക്കുള്ള ദൂരവും തുല്യമാണ് .
( ഥെയിൽസ് പിരമിഡുകളുടെ ഉയരം കണ്ടുപിടിച്ചത് എങ്ങനെ ?
ഥെയിൽസ് തന്റെയും തന്റെ നിഴലിന്റേയും ഉയരം തുല്യമായ സമയത്ത് പിരമിഡിന്റെ നിഴലിന്റെ ഉയരം അളന്നു . അങ്ങനെ കൃത്യമായി പിരമിഡിന്റെ ഉയരം കണക്കാക്കി )

20. ഒരു ത്രികോണം നിർമ്മിച്ച് അതിന്റെ പരപ്പളവ് കണ്ടുപിടിക്കുന്നതെങ്ങനെനെ ? നിർമ്മിച്ച ത്രികോണത്തിന്റെ വല്യപ്പം മാറ്റുന്നതെങ്ങനെ ?
Polygon ടൂൾ സെലക്ട് ചെയ്യുക . വരക്കുന്ന തലത്തിൽ മൂന്ന് ബിന്ദുക്കൾ ക്ലിക്ക് ചെയ്ത് വരച്ചു തുടങ്ങിയ സ്ഥലത്തു തന്നെ അവസാനിപ്പിക്കുക. പരപ്പളവ് കാണുവാനായി Area ടൂൾ സെലക്ട് ചെയ്യുക . നിർമ്മിച്ച ത്രികോണത്തിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ പരപ്പളവ് രേഖപ്പെടുത്തിയിരിക്കുന്നത് കാണാം.

തൃകോണത്തിന്റെ വല്യപ്പം മാറ്റുന്നതിന് മൂവ് ടൂൾ സെലക്ട് ചെയ്ത് ത്രികോണത്തിന്റെ ഒരു മൂലയിൽ പിടിച്ച് വലിക്കുക . അപ്പോൾ വശങ്ങളും കോണളവുകളും പരപ്പളവും മാറുന്നതായി കാണാം.

21. 3cm ആരമുള്ള ഒരു വൃത്തം വരക്കുന്നതെങ്ങനെ ?
Circle with Center and radius എന്ന ടൂൾ സെലക്ട് ചെയ്യുക . അപ്പോൾ വരുന്ന വിൻഡോയിൽ ആരം ടൈപ്പ് ചെയ്ത് OK കൊടുക്കുക.

22. ഒരു ത്രികോണം നിർമ്മിച്ച് അതിന്റെ മൂന്ന് മൂലകളിലൂടെയും കടന്നുപോകുന്ന വൃത്തം വരച്ച് പ്രസ്തുത വൃത്തത്തിന്റെ കേന്ദ്രം കണ്ടുപിടിക്കുന്നതെങ്ങനെ ?
Polygon ടൂൾ ഉപയോഗിച്ച് വരക്കുന്ന തലത്തിൽ ചിത്രം വരക്കുക . അതിനുശേഷം , Circle through three points എന്ന ടൂൾ സെലക്ട് ചെയ്ത് ത്രികോണത്തിന്റെ മൂന്ന് മൂലകളിലും ക്ലിക്ക് ചെയ്യുക . അപ്പോൾ മൂന്നുമൂലകളേയും സ്പർശിച്ചുകൊണ്ട് ഒരു വൃത്തം രൂപംകൊണ്ടിരിക്കും . തുടർന്ന് Mid Point or Center എമ്മ ടൂൾ സെലക്ട് ചെയ്ത് വൃത്തത്തിൽ ക്ലിക്ക് ചെയ്യുക . അപ്പോൾ വൃത്തകേന്ദ്രം രൂപം കൊള്ളും .

23. വരക്കുന്ന പ്രതലത്തിൽ ഒരു ചിത്രം ഉൾപ്പെടുത്തുന്നതെങ്ങനെ ?
Insert Image എന്ന ടൂൾ സെലക്ട് ചെയ്യുക. ചിത്രം വരക്കുന്ന തലത്തിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ വരുന്ന വിൻഡോയിൽ എവിടെനിന്നാണ് ചിത്രം ഉൾപ്പെടുത്തേണ്ടത് എന്ന് തീരുമാനിക്കുക . OK കൊടുക്കുക. ചിത്രം ഇപ്പോൾ വരക്കുന്ന തലത്തിൽ വന്നിട്ടുണ്ടാകും . മൂവ് ടൂൾ ഉപയോഗിച്ച് ചിത്രം അനുയോജ്യമായ സ്ഥലത്ത് ക്രമീകരിക്കുക .

24. ഇൻസർട്ട് ചെയ്ത ചിത്രത്തിൽ വാക്കുകൽ ഉൾപ്പെടുത്തുന്നതെങ്ങനെ ?

Insert Text എന്ന ടൂൾ സെലക്ട് ചെയ്ത് ചിത്രത്തിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ വരുന്ന വിൻഡോയിൽ ആവശ്യമായ വാക്കുകൾ ടൈപ്പ് ചെയ്ത് കൊടുക്കുക. OK കൊടുക്കുക. ഇപ്പോൾ ചിത്രത്തിൽ വാക്കുകൾ വന്നീട്ടുണ്ടായിരിക്കും . മൂവ് ടൂൾ ഉപയോഗിച്ച് വാക്കുകൾ അനുയോജ്യമായ സ്ഥലത്ത് ക്രമീകരിക്കുക. വാക്കുകളിൽ Right Click ചെയ്ത് Object Properties സെലക്ട് ചെയ്ത് വാക്കിന്റെ നിറം വലിപ്പം എന്നിവ വ്യത്യാസപ്പെടുത്താവുന്നതാണ് .

25. ചിത്രത്തിൽ ചെക്ക് ബോക്സ് ഇൻസർട്ട് ചെയ്യുന്നതെങ്ങനെ ?

Check box to show / hide എന്ന ടൂൾ സെലക്ട് ചെയ്യുക . Caption ആവശ്യമായ വാക്ക് ടൈപ്പ് ചെയ്യുക . Select Object in construction or choose from list എന്നതിനു താഴെയായി അനുയോജ്യമായത് സെലക്ട് ചെയ്യുക .Apply ക്ലിക്ക് ചെയ്യുക.ഇപ്പോൾ ചെക്ക് ബോക്സ് ചിത്രത്തിൽ വന്നിട്ടുണ്ടായിരിക്കും .ഇനി ചെക്ക് ബോക്സിൽ ക്ലിക്ക് ചെയ്യുമ്പോൾ മാറ്റം പ്രകടമാകും .

26. ചെക്ക് ബോക്സിൽ Condition കൊടുക്കുന്നതെങ്ങനെ ?

Check box ൽ Right Click ചെയ്ത് Object Properties സെലക്ട് ചെയ്യുക . അതിലെ Advanced ടാബിൽ ക്ലിക്ക് ചെയ്ത് Condition to show object എന്നതിനു താഴെ അനുയോജ്യമായവ ടൈപ്പ് ചെയ്യുക . വിൻഡോ ക്ലോസ് ചെയ്യുക.

27. വരക്കുന്ന പ്രതലത്തിൽ Slider ഉൾപ്പെടുത്തുന്നതെങ്ങനെ ?

Slider ടൂൾ സെലക്ട് ചെയ്യുക. വരക്കുന്ന പ്രതലത്തിൽ ക്ലിക്ക് ചെയ്യുക . അപ്പോൾ വരുന്ന വിൻഡോയിൽ -5 എന്നതു മാറ്റി പൂജ്യവും 5 എന്നതു മാറ്റി 10 ഉം കൊടുക്കുക .Apply ക്ലിക്ക് ചെയ്യുക

28. Slider മാനുവൽ ആയി പ്രവർത്തിപ്പിക്കുന്നതെങ്ങനെ ?

മൂവ് ടൂൾ സെലക്ട് ചെയ്ത് Slider നെ അങ്ങോട്ടും ഇങ്ങോട്ടും ചലിപ്പിക്കുക .

29. Slider നെ Automatic ആയി ചലിപ്പിക്കുന്നതെങ്ങനെ ?

Slider ൽ Right Click ചെയ്ത് Animation ൽ ടിക് മാർക്ക് കൊടുക്കുക. Slider ഓഫ് ആക്കുവാൻ Animation ലെ ടിക് മാർക്ക് മാറ്റിയാൽ മതി .

30. Slider ലെ വില മാറ്റുന്നതിനനുസരിച്ച് ആരം കൂടിവരുന്ന വൃത്തം വരക്കുന്നതെങ്ങനെ ?

ആദ്യം വരക്കുന്ന പ്രതലത്തിൽ Slider ഫിറ്റ് ചെയ്യുക. അതിനു ശേഷം Circle with center and radius എന്ന ടൂൾ സെലക്ട് ചെയ്യുക. വരക്കുന്ന പ്രതലത്തിൽ ക്ലിക്ക് ചെയ്യുക . അപ്പോൾ വരുന്ന വിൻഡോയിൽ radius നു താഴെയായി Slider ന്റെ പേര് ടൈപ്പ് ചെയ്ത് OK കൊടുക്കുക. സാധാരണയായി ആദ്യത്തെ Slider ആണെങ്കിൽ പേര് a എന്നായിരിക്കും.ഇനി Animation ഓൺ ചെയ്യുക . ഇപ്പോൾ വലുതാകുന്നതും ചെറുതാകുന്നതും കാണാം.

31. കോണളവ് നിയന്ത്രിക്കുന്ന Slider നിർമ്മിക്കുന്നതെങ്ങനെ ?

ആദ്യം Slider സെലക്ട് ചെയ്യുക . വരക്കുന്ന പ്രതലത്തിൽ ക്ലിക്ക് ചെയ്യുക . അപ്പോൾ വരുന്ന വിൻഡോയിൽ Angle സെലക്ട് ചെയ്യുക . അപ്പോൾ Slider റിലുള്ള $\alpha$ എന്ന കോണിന്റെ വില പൂജ്യം മുതൽ 360 വരെ തീരുമാനിക്കുക .

32. Polygon ൽ ആനിമേഷൻ കൊടുക്കുന്നതെങ്ങനെ ?

ആദ്യം കോണളവ് നിയന്ത്രിക്കുന്ന Slider വരക്കുന്ന തലത്തിൽ ഫിറ്റ് ചെയ്യുക . അതിനുശേഷം Regular Polygon എന്ന ടൂൾ സെലക്ട് ചെയ്യുക . വരക്കുന്ന പ്രതലത്തിൽ രണ്ട് പോയിന്റ് ക്ലിക്ക് ചെയ്യുമ്പോൾ ഒരു വിൻഡോ വരും . അതിൽ Points നു താഴെയായി ആവശ്യമുള്ള വശങ്ങളുടെ എണ്ണവും Slider ന്റെ പേരും ടൈപ്പ് ചെയ്ത് OK കൊടുക്കുക .

( സാധാരണയായി 4 $\alpha$ ആണ് കൊടുക്കാറുള്ളത് . ) ഇനി Slider പ്രവർത്തിപ്പിക്കുമ്പോൾ Polygon ന് വ്യത്യാസം വരുന്നത് കാണാം.

33. ഒരു കോണളവ് വ്യത്യാസപ്പെടുന്നതിനനുസരിച്ച് ത്രികോണത്തിനും വൃത്തത്തിനും മാറ്റം സംഭവിക്കുന്നത് ചിത്രീകരിക്കുന്നതെങ്ങനെ ?

വരക്കുന്ന പ്രതലത്തിൽ കോണളവ് നിയന്ത്രിക്കുന്ന Slider ഫിറ്റ് ചെയ്യുക . തുടർന്ന് Angle with given size എന്ന ടൂൾ സെലക്ട് ചെയ്യുക . വരക്കുന്ന പ്രതലത്തിൽ 2 സ്ഥലങ്ങളിലായി ക്ലിക്ക് ചെയ്യുക.അപ്പോൾ വരുന്ന വിൻഡോവിൽ angle നു
താഴെയായി $\alpha$ ഇടത്ുബാഗത്തുനിനു സെലക്ട് ചെയ്യുക. Clockwise സെലക്ട് ചെയ്യുക.ok ക്ലിക്ക് ചെയ്യുക . ഇപ്പോൾ $\alpha$ യുടെ വില കോണളവായി രേഖപ്പെടുത്തിയിരിക്കുന്നത് കാണാം . കോണിന്റെ വശങ്ങൾ രേഖാഖണ്ഡം ഉപയോഗിച്ച് വരക്കുക . ഒരു രേഖാഖണ്ഡം കൂടി ഉപയോഗിച്ച് ത്രികോണം നിർമ്മിക്കുക . Circle through three points സെലക്ട് ചെയ്യുക . മുൻപ് വരച്ച ത്രികോണത്തിന്റെ മൂന്ന് മൂലകളിൽ ക്ലിക്ക് ചെയ്ത് വൃത്തം വരക്കുക . Mid point or Center എന്ന ടൂൾ സെലക്ട് ചെയ്യുക . വൃത്തത്തിൽ ക്ലിക്ക് ചെയ്ത് കേന്ദ്രം അടയാളപ്പെടുത്തുക . Slider ക്ലിക്ക് ചെയ്യുമ്പോൾ വ്യത്യാസം മനസ്സിലാക്കാവുന്നതാണ് .